# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4659 — 26.10.2016-ൽ മറുപടിയ്ക്ക്

## മൃഗശാലകൾ നവീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡി. കെ. മുരളി : | **ശ്രീ.കെ. രാജു**<br>**(ബഹു. വനവും മൃഗസംരക്ഷണവും ക്ഷീര വികസനവും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| സംസ്ഥാനത്തെ മൃഗശാലകൾ നവീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ? | മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം മൃഗശാലയുടെ ആധുനികവൽക്കരണ ത്തിന്റെ ഭാഗമായി ആവാസ വ്യവസ്ഥയ്ക്കനുസൃതമായി മൃഗങ്ങളുടെ പരിബന്ധനങ്ങളുടെ നിർമ്മാണം, മൃഗങ്ങളുടെ വാസസ്ഥലത്തിന്റെ വികസനവും അറ്റകുറ്റപ്പണികളും, കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാനിലെ കളക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതും, മൃഗശാലയിൽ ലഭ്യമല്ലാത്തതുമായ മൃഗങ്ങളെ സ്വായത്തമാക്കൽ, മൃഗശാലാ ആശുപത്രി യുടെ വികസനം, ക്വാറന്റയിൻ സ്റ്റേഷന്റെ നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കി മൃഗശാല നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ മൃഗശാല നവീകരണത്തിന്റെ ഭാഗമായി അനാകോണ്ട പാമ്പിനെ പാർപ്പിക്കുന്നതിനുള്ള കൂട് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ